# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *20     10.06.2013 ൽ മറുപടിക്ക്

## എയർകേരള വിമാനപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് :<br>,, കോടിയേരി ബാലകൃഷ്ണൻ :<br>ഡോ. കെ.ടി. ജലീൽ :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മുഖ്യമന്ത്രി പ്രഖ്യാപിച്ച എയർകേരള വിമാനപദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം, എയർകേരള സർവ്വീസ് ആരംഭിക്കുവാൻ, എയർ കേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരമൊരു പ്രഖ്യാപനം നടത്തുന്നതിന് മുമ്പായി എന്തെല്ലാം കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടായിരുന്നു എന്നറിയിക്കുമോ; | (ബി) | കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ നിബന്ധനകളിൽ ഇളവിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം എന്നും തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. |

| | | | |
|---|---|---|---|
| (സി) | ഇപ്പോഴത്തെ സ്ഥിതിയിൽ എയർ കേരളയുടെ വിമാനം എന്നു മുതൽ സർവ്വീസ് നടത്തുമെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | പ്രസ്തുത നിബന്ധനകൾ ഇളവ് ചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇളവുകൾ ഇതുവരെ അനുവദിച്ചിട്ടില്ല. ഇളവുകൾ ലഭിക്കുന്നമുറക്ക് 'എയർകേരള'ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഇളവുകൾ നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ഡി) | എയർകേരള വിമാനപദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം സംഗതികളിൽ ഇനിയും തീരുമാനങ്ങൾ ഉണ്ടാകേണ്ടതുണ്ട് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.